


# ദിശ

## ലിറ്റിൽ കൈറ്റ്സ്


## ഡിജിറ്റൽ മാഗസിൻ

# മികവിന്റെ കേന്ദ്രമായ പന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരുക്കുന്ന



# ദിശ

## മാഗസിനിലേക്ക് സ്വാഗതം



# ആശംസ



കൊടുവള്ളി നിയോജക മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെട്ട വിദ്യാലയമാണ് പന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ. വിവരസാങ്കേതികവിദ്യ അനുദിനം വികസിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഹൈടെക് വിദ്യാലയങ്ങളിലെ ക്ലാസ് മുറികളുടെ സംരക്ഷകരാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. നമ്മുടെ വിദ്യാലയത്തിലും ലിറ്റിൽ കൈറ്റ്സ് പ്രവർത്തിച്ചു വരുന്നു. അവരുടെ സർഗാത്മക ശേഷികൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ഡിജിറ്റൽ മാഗസിൻ 'ദിശ' തയ്യാറാക്കിയിട്ടുള്ളത്. ആവശ്യമായ രചനകൾ നൽകി ഈ മാഗസിൻ തയ്യാറാക്കുവാൻ പ്രവർത്തിക്കുകയും സഹായിക്കുകയും സഹകരിക്കുകയും ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എന്റെ അനുമോദനങ്ങൾ

മനോഹരൻ കെ ജി

(ഹെഡ്മാസ്റ്റർ)

## പത്രാധിപ സമിതി

| | |
|---|---|
| മനോഹരൻ കെ ജി | (ഹെഡ്മാസ്റ്റർ) |
| ഷൈമ പി | (കൈറ്റ് മിസ്ട്രസ്) |
| ഹംസ പി | (സ്റ്റാഫ് സെക്രട്ടറി) |
| മുസ്തഫ സി കെ | (SITC) |
| മീര വി കെ | (കൈറ്റ് ലീഡർ) |
| അഭയ് ചന്ദ്രൻ സി പി | (ചീഫ് പത്രാധിപർ) |

മുഹമ്മദ് അദ്നാൻ ടി

അജന്യ കെ പി

നജ ഫാത്തിമ കെ

മുഹമ്മദ് റിഷാൽ എം സി

വൈഷ്ണവ് വേലായുധൻ

മുഹമ്മദ് നിഹാൽ എ ടി

ദിൽന സൈനാ എം പി

നയന പി

ജയകൃഷ്ണ എൻ

സയ്യിദ് മുഹമ്മദ് സ്വലാഹ്

അനന്തു എം ഡി

വിനായക് വിനോദ് വി കെ



## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

| | |
|---|---|
| മുഹമ്മദ് അദ്നാൻ ടി | മുഹമ്മദ് ഫായിസ് പി |
| അബ്ദുൽ ബാസിത്ത് കെ | ഐശ്വര്യ രാജ് കെ |
| അജന്യ കെ പി | അജ്മൽ സാന കെ പി |
| അനന്തു എം ഡി | അനന്തു വി എം |
| അനന്തു എ പി | അസ്‌ലമിയ കെ |
| അശ്വന്ത് കൃഷ്ണ | ആയിഷ ശിഫാന സി |
| ദിൽന സൈന എം പി | വൈഷ്ണവ് വേലായുധൻ |
| അഭയ് ചന്ദ്രൻ സി പി | ഫാത്തിമ നജ പി |
| ജയകൃഷ്ണ എൻ | മീര വി കെ (ലീഡർ) |
| വൈഷ്ണവ് വേലായുധൻ | അഭയ് ചന്ദ്രൻ സി പി |
| മുഹമ്മദ് നിഹാൽ എ ടി | മുഹമ്മദ് റിഷാൽ എം സി |
| മുഹമ്മദ് സിറാജുദ്ദീൻ | മിൻഹാജ് കെ |
| നജ ഫാത്തിമ കെ | നജ ഫാത്തിമ കെ സി |
| സയ്യിദ് മുഹമ്മദ് സ്വലാഹ് | സ്നേഹിത് സുരേഷ് |
| വിനായക് വിനോദ് | വിഷ്ണു വിജയ് വി എസ് |
| വൈഷ്ണവ് വേലായുധൻ | അഭയ് ചന്ദ്രൻ സി പി |

## നമ്മുടെ സാരഥികൾ

| | |
|---|---|
| പ്രിൻസിപ്പൽ – | സന്തോഷ് കുമാർ എം |
| ഹെഡ്മാസ്റ്റർ – | മനോഹരൻ കെ ജി |
| പി ടി എ പ്രസിഡണ്ട്– | അബ്ദുൾ അസീസ് വി |
| വൈസ് പ്രസിഡണ്ട് – | ശ്രീധരൻ വി എം |
| സീനിയർ അസിസ്റ്റന്റ്– | ഷൈമ പി |
| സ്റ്റാഫ് സെക്രട്ടറി– | ഹംസ പി |
| SRG കൺവീനർ– | ശങ്കരൻ ഇ പി |
| വിജയോത്സവം – | അബ്ദുൽ ഷുക്കൂർ ടി പി |
| എസ് ഐ ടി സി – | മുസ്തഫ സി കെ |

# താളുകളിലൂടെ..........

പത്രാധിപ സമിതി....................................................................................4
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ........................................................................5
നമ്മുടെ സാരഥികൾ.................................................................................6
നമ്മുടെ വിദ്യാലയം.......................................................................................9
പാദരക്ഷ.....................................................................................................10
തളരാത്ത മനസ്സ്...........................................................................................11
HISTORY OF COMPUTER..........................................................................12
സത്യസന്ധനായ കള്ളൻ................................................................................13
അതിജീവനം...............................................................................................14
ഒരു ഗ്രാമ ദൃശ്യം..........................................................................................15
IT QUIZ.......................................................................................................16
പിറന്നാൾ സമ്മാനം.....................................................................................17
MAHATHMA GHANDHI...............................................................................19
സങ്കൽപം....................................................................................................20
ദുഃഖിത.......................................................................................................21
SMILE........................................................................................................23
അമ്മ..........................................................................................................24
കുട്ടികളുടെ കേരളം......................................................................................25
അമ്മ..........................................................................................................26
WILLIAM SHAKESPEARE...........................................................................27
WHEN I AM ALONE....................................................................................28
SAVE NATURE...........................................................................................29
IT QUIZ.......................................................................................................30
അത്യാഗ്രഹി ആയ വ്യാപാരി.........................................................................31
വേനൽ.......................................................................................................32
എന്റെ മിഡാപ്പ്...........................................................................................34
IT QUIZ.......................................................................................................36
JAWAHAR LAL NEHRU...............................................................................37
..................................................................................................................37

ഒരു ഷാജിയുടെ കഥ........................................................................................ 38
കുരങ്ങൻ മകൻ.............................................................................................. 39
മഴ.................................................................................................................. 40
പഴഞ്ചൊല്ലുകൾ............................................................................................... 41
മരണമാം പ്രകൃതി............................................................................................ 42
വനിതാ രത്നങ്ങള്............................................................................................. 43
Charles Babbage............................................................................................ 45
save water.................................................................................................... 46


മികവിന്റെ കേന്ദ്രം – ശിലാ സ്ഥാപനം



# നമ്മുടെ വിദ്യാലയം

ഒമ്പത് ദശാബ്ദങ്ങളായി ആയിരങ്ങൾക്ക് അക്ഷര വെളിച്ചം പകർന്നു നൽകിയ പന്നൂർ ഗവ: ഹയർ സെക്കണ്ടറി സ്കൂൾ 1928 ലാണ് സ്ഥാപിതമായത്. കോഴിക്കോട് ജില്ലയിൽ കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിലെ പന്നൂർ പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1928 ശ്രീ മറിവീട്ടിൽ കൃഷ്ണൻ നായർ സ്ഥാപിച്ച എലിമെന്ററി സ്കൂളിൽ നിന്നാണ് ഇതിന്റെ ആരംഭം. സ്ഥാപിച്ച് ഏതാന ും വർഷങ്ങൾക്കകം സർക്കാറിന് കൈമാറ്റം ചെയ്യപ്പെട്ടതോടെ സ്കൂളിന്റെ പു രോഗതിക്ക് വേഗതയേറി. 1950 ൽ അപ്പർ പ്രൈമറി ആയി ഉയർത്തപ്പെട്ട സ്കൂൾ 1983-ൽ ഹൈസ്കൂളായും പഠന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ 2003 ൽ ഹയർസെക്കണ്ടറിയായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. കിഴക്കോത്ത് പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ പന്നൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കോഴിക്കോട് ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാണ്.

എസ്.എസ്.എൽ.സി പരീക്ഷയിലെ തുടർച്ചയായ സമ്പൂർണ്ണ വിജയം, പ്ലസ്ടു ബാച്ചുകളിലെ ഉയർന്ന വിജയശതമാനം, ഉപജില്ല കായികമേളയിലെ കൈവിടാത്ത ചാമ്പ്യൻപട്ടം , സംസ്ഥാന-ദേശീയ കായികമേളയിലെ വിജയം, പങ്കാളിത്തം കലാമേളയിലെ മികച്ച പ്രകടനം എന്നിങ്ങനെ നാം സ്വന്തമാക്കിയ നേട്ടങ്ങൾ നിരവധിയാണ്.

പൊതുവിദ്യാഭ്യാസ ശാക്തീകരണം ലക്ഷ്യമാക്കി നിയോജകമണ്ഡലം തോറും ഓരോ ഹയർ സെക്കണ്ടറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർ ത്തുന്ന സംസ്ഥാന സർക്കാറിന്റെ പ്രഖ്യാപിത പദ്ധതിയിൽ കൊടുവള്ളി നിയോ ജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത് ഈ വിദ്യാലയമാണെന്നത് അഭിമാനകരമാണ്.

പൊതുജനങ്ങളുടെയും പി.ടി.എ യുടെയും രാഷ്ട്രീയ സാമൂഹിക സംസ് കാരിക പ്രവർത്തകരുടെയും നിരന്തരമായ ഇടപെടലാണ് പുരോഗതിയി ലേക്കുള്ള പ്രയാണത്തിൽ നമുക്ക് കരുത്തേകുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പരമാവധി പ്രവർത്തിച്ച് വരുന്നു.

## പാദരക്ഷ

നസീഹ എസ്.എം

മുള്ളിലും കല്ലിലും ,
ചെളിയിലും പൊടിയിലും
എന്റെ പാദങ്ങളെ
പോറലേൽക്കാതെ കാത്തു .
എപ്പോഴും എന്നോടൊപ്പം നടന്നു .
എന്റെ ഭാരം പേറി
ഊണും ഉറക്കവുമില്ലാതെ
മാസവരുമാനമില്ലാതെ.
അവസാന നാളിൽ ഞാൻ
വഴിയരികിൽ ഉപേക്ഷിച്ചപ്പോഴും
പരാതിയില്ല പരിഭവമില്ല
പാവമെൻ സന്തത സഹചാരി
പാതി തേഞ്ഞ-പാദരക്ഷ

# തളരാത്ത മനസ്സ്

അനന്തു.എം.ഡി

അറിയാതെ എന്റെ നെഞ്ചിൽ
താഴുന്ന നിൻ ഓർമകൾ....
മായാതെ മറയാതെ
മനസ്സിൽ പതിഞ്ഞ നിൻ മുഖം
മനസ്സിൽ എവിടെയോ
അണയാതെ ആളിക്കത്തുന്നു.
ഒരു കൊച്ചു മിന്നാമിനുങ്ങിന്റെ വെളിച്ച -
ത്തിൽ എങ്ങോട്ടോ നടന്നകലുന്നു.....
പിടിവാശിയില്ലാതെ എനിക്കായി ജീവിതം
ആരോ തുന്നി ചേർത്തപോലെ .......
കാറ്റിൽ മരച്ചില്ലകൾ ആടി ഉലയുന്നതു
പോലെ............
ജീവിതത്തിൽ കൊടുങ്കാറ്റിലും മഴയിലും
തളരാതെ മുന്നോട്ട്



# HISTORY OF COMPUTER

-AJMAL SHANU

Charles Babbage, an English Mechanical Engineer and Polymath originated the concept of an programmable computer. He is considered as the “Father of Computer’’. He conceptualized and invented the first mechanical computer in the early 19th century. The machine was about a century ahead of its time.

**Charles Babbage designed the Analytical Engine and it was this design that the basic frame work of the computers. The world’s first computer in 1946, the first computer was announced. It was called ENIAC, which stood for Electronic Numerical Integrator and Computer.**



# സത്യസന്ധനായ കള്ളൻ

അഭയ് ചന്ദൻ സി.പി

അന്ന് ശക്തമായ ഇടിയും മഴയുമായിരുന്നു . അവൻ ആദ്യമായാണ് മോഷ്ടിക്കാൻ പോകുന്നത് . ജീവിതം മുന്നോട്ട് പോകണമെങ്കിൽ പണം വേണമെന്ന് തിരിച്ചറിഞ്ഞ കള്ളൻ മോഷ്ടിക്കാൻ തുടങ്ങി .അവന്റെ പേര് മുന്ന എന്നാണ് . അവന് അച്ഛനും അമ്മയും ഉണ്ട്.എന്നാൽ അവൻ കള്ളനാകാൻ തീരുമാനിച്ച കാരണം അവന്റെ അമ്മ ആറ് മാസമായി തളർവാതം പിടിച്ച് കിടക്കുകയാണ് . അച്ഛന്റെ ഹൃദയത്തിനാണെങ്കിൽ സുഷിരവുമാണ്.ഡോക്ടർ പറഞ്ഞത് നാലര ലക്ഷം രൂപ അടച്ചാലാണ് അതിനുള്ള സർജറി ചികിത്സ നടത്താൻ കഴിയൂ . കൂടിപ്പോയാൽ അച്ഛൻ രണ്ടോ മൂന്നോ മാസമേ ജീവിച്ചിരിക്കു . ഉടനെ ചികിൽസ നടത്തണം. ഇതെല്ലാം കൂടിയായപ്പോൾ മുന്ന ഒട്ടാകെ ഒന്ന് വിളറി .എന്ത് ചെയ്യാൻ മുന്ന വെറും പതിനാല് വയസുകാരൻ . അവൻ സ്കൂളിൽ പോയിട്ട് രണ്ട് മാസമായി അമ്മ കിടപ്പിലായത് മുതൽ കൊടിയ പട്ടിണിയാണ് അവന്റെ വീട്ടിൽ . പിന്നെ മുന്നക്കുള്ളത് നാലാം ക്ലാസിൽ പഠിക്കുന്ന ഒരു കൊച്ചനുജത്തി . സ്കൂളിലെ ഫീസ് കൊടുക്കാത്തത് കാരണം അവളെ സ്കൂളിൽ നിന്ന് പുറത്താക്കി .ഇതൊക്കെ കണ്ടറിഞ്ഞ മുന്ന ജോലി ചെയ്ത് പണം സമ്പാദിക്കാൻ ശ്രമിച്ചു .തനിക്ക് കിട്ടുന്ന തുച്ഛമായ പണം കൊണ്ട് ജീവിതം മുന്നോട്ട് പോകില്ല എന്ന് തിരിച്ചറിഞ്ഞ മുന്ന കക്കാൻ തുടങ്ങി .മുന്നയുടെ ആദ്യത്തെ മോഷണം ഒരു ധനികന്റെ പണസഞ്ചി ആയിരുന്നു .

നിർഭാഗ്യവശാൽ ആ മോഷണം പിടിക്കപ്പെട്ടു .എന്ത് കൊണ്ടാണ് മോഷണം ചെയ്തത് എന്ന് ധനികൻ ചോദിച്ചു .മുന്ന തന്റെ ജീവിതകഥ ധനികന് പറഞ്ഞ് കൊടുത്തു . മുന്നയുടെ കഥ കേട്ട് മനസ്സലിഞ്ഞ ധനികൻ മുന്നക്ക് ധാരാളം പണം കൊടുത്ത് അമ്മക്കും അച്ഛനും ആവശ്യമായ ചികിൽസ നൽകുകയും അനിയത്തിക്ക് പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു .അച്ഛനും അമ്മയും സുഗമായതോടെ മുന്നയുടെ ജീവിതം പഴയപ്പോലെ സന്തോഷമുളവാക്കി . മുന്നയും കുടുംബവും പിന്നെ സസന്തോഷത്തോടെ ജീവിച്ചു . .

ഗുണപാഠം –സത്യം പറഞ്ഞാൽ നൻമയേ വരൂ

# അതിജീവനം

ശങ്കരൻ.ഇ.പി

തുടർച്ചയായ രണ്ടു വർഷവും പ്രളയം താണ്ഡവമാടിയ സാഹചര്യത്തിൽ അതിജീവനത്തിന്റെ പാഠങ്ങൾ കുരുന്നു മനസ്സുകളിലേക്ക് പകർന്നു കൊടുക്കുകയായിരുന്നു അധ്യാപിക. പ്രകൃതിയെ പരിഗണിക്കാതെ മുന്നോട്ട് നീങ്ങിയാൽ അടുത്ത വർഷവും പ്രളയം ദുരിതം വിതയ്ക്കുമെന്ന് അധ്യാപിക പറഞ്ഞുവെച്ചു. കേരളം തന്നെ ഉണ്ടാവാനിടയില്ലെന്ന് അധ്യാപിക പറഞ്ഞു.അപ്പോൾ മുൻബെഞ്ചിൽ നിന്നും ഒരു ചോദ്യം.

"അന്ന് സ്കൂൾ ഉച്ചയ്ക്ക് വിടോ ടീച്ചർ"



# ഒരു ഗ്രാമ ദൃശ്യം

മുഹമ്മദ് ഷിയാൻ



# IT QUIZ

മുഹമ്മദ് അദ്നാൻ ടി

1: (UPI)യുടെ പൂർണ രൂപം?

An: unified payment interface
(യൂണിഫൈഡ് പേയ്മന്റ് ഇന്റർഫേസ്)

2:(VGA)യുടെ പൂർണ രൂപം?

An: video graphic area
(വീഡിയോ ഗ്രാഫിക് ഏരിയ)

3:(ROM)ന്റപൂർണ രൂപം?

An: reed Only memory
(റീഡ് ഓൺലീ മെമ്മറി)

4:GOOGLE ന്റ സഥാപകർ?

An:സെർജി ബ്രിൻ, ലാറീ പേജ്

5:Facebook ന്റ സഥാപകർ?

An:മാർക്ക് സുക്കർ ബർഗ്

6:GOOGLE ന്റ ഇപ്പോഴത്തെ C.E.O?

An:സുന്ദർ പിച്ചെ

7:bolo ആപ്പ് നിർമിച്ചത് ആര്?

An: GOOGLE

8:(HDMI)യുടെ പൂർണ രൂപം?

An: High Definiton  Multi media Interface

9:സോഫിയ റോബോട്ടിനെ നിർമിച്ചത് ?

An: ഹാൻഡ്സൺ റോബോട്ടിക്സ്

10: കേരള പോലീസ് അടുത്തിടെ പുറത്തിറക്കിയ റോബോട്ട്?

An: KP-BOT

# പിറന്നാൾ സമ്മാനം

മീര.വി.കെ

തിങ്കളാഴ്ച്ച രാവിലെ സ്കൂളിലേക്ക് പോവാനുള്ള തിരക്കിലാണ് സോഫി. അമ്മ മേരി അടുക്കളയിൽ നിന്ന് പാത്രം കഴുകുന്ന ശബ്ദം അങ്ങ് കോലായി വരെ കേൾക്കാം. ടൗണിലെ ഒരു വീട്ടിലാണ് അവർ ജോലിക്ക് പോകാറ്. അപ്പച്ചൻ ജോസഫ് റബ്ബർ വെട്ടാൻ പോയതാണ്.

വൈകാതെ തന്നെ സോഫി സ്കൂളിലേക്ക് പോയി. ഇന്നലെ അവളുടെ കൂട്ടുകാരി ചിന്നുവിന്റെ പിറന്നാളായിരുന്നു.

"ഹാപ്പി ബർത്ത്ഡേ ചിന്നൂ...സോറി ഫോർ ലേറ്റ് വിഷ്." ക്ളാസ്സിൽ കയറിയതും സോഫി ആർത്തുവിളിച്ചു.

"താങ്ക്യൂ..."

പിറന്നാൾ പരിപാടിയെക്കുറിച്ച് ചിന്നു സോഫിക്ക് പറഞ്ഞു കൊടുത്തു.

പരിപാടിയുടെ വിശേഷങ്ങൾ കേട്ടയുടൻ തന്നെ തന്റെ പിറന്നാളും അങ്ങനെ ആഘോഷിക്കണം എന്ന് അവൾ ആഗ്രഹിച്ചു. നിറയെ ബലൂണുകൾ തൂക്കി, കൂട്ടുകാരെയെല്ലാം വിളിച്ച്, വലിയ കേക്ക് മുറിച്ച് തന്നെ ആഘോഷിക്കണം. ആലോചിച്ചപ്പോഴേ അവൾക്ക് രോമാഞ്ചം വന്നു. അന്ന് രാത്രി നിദ്രാദേവി അവളെ തിരിഞ്ഞുനോക്കിയില്ല. ഇനി ഒരാഴ്ച തികച്ചില്ല അവളുടെ പിറന്നാളിന്.

പിറ്റേ ദിവസം രാവിലെ തന്നെ അവൾ അമ്മയോട് ഇതെല്ലാം പറഞ്ഞു. റബ്ബർ വെട്ടി കിട്ടുന്ന കാശിൽ പാതിയും കള്ള് കുടിച്ച് പാഴാക്കുന്നതാണ് ജോസഫിന്റെ ശീലം. പിന്നെയുള്ള ഏക ആശ്രയം ടൗണിലെ വീട്ടിൽ ജോലിക്ക് പോയി മേരി ഉണ്ടാക്കുന്ന തുച്ഛമായ വരുമാനമാണ്. ഇത്രയും ദാരിദ്ര്യം നിറഞ്ഞ വീട്ടിൽ എങ്ങനെയാണ് ഇത്രയും ആർഭാടത്തിൽ പിറന്നാൾ ആഘോഷിക്കാൻ ആവുക.

"നമുക്ക് നോക്കാം മോളേ... ഞാൻ അപ്പച്ചനോട് ചോദിക്കട്ടെ.

മോളിപ്പം സ്കൂളിലേക്ക് പൊയ്ക്കോ". തൊണ്ടയിടറിയാണെങ്കിലും അവർ അങ്ങനെ പറഞ്ഞു.

സോഫി സ്കൂളിൽ പോയ ശേഷം അവർ ജോസഫിനോട് കാര്യം പറഞ്ഞു. ജോസഫിന്റെ മറുപടി സന്തോഷം നൽകുന്നതായിരുന്നില്ല.

മകളുടെ പിറന്നാൾ ഒരു ചെറിയ കേക്ക് എങ്കിലും വാങ്ങി മുറിക്കണമെന്ന് അവർ തീരുമാനിച്ചു.

വൈകാതെ തന്നെ ആ ദിവസം വന്നു. സോഫി ആഗ്രഹിച്ചതു പോലതന്നെ കൂട്ടുകാരെല്ലാം വന്നു.അവൾക്ക് ധാരാളം സമ്മാനങ്ങളും കിട്ടി. വീട്ടുജോലിക്കുപോയി ഉണ്ടാക്കിയ കാശുകൊണ്ട് അത്ര മോശമല്ലാത്ത ഒരു കേക്ക് മറിയ വാങ്ങി.

“ഹാപ്പി ബർത്ത്ഡേ സോഫീ...” കൂട്ടുകാർ പാടി.


എല്ലാം ഭംഗിയായി നടന്നു.സോഫിക്ക് ഏറെ സന്തോഷമായി.അച്ഛൻ ഒന്നും തന്നില്ലല്ലോ എന്നതായിരുന്നു അവളുടെ ഏക വിഷമം.

എന്നാൽ എല്ലാവരെയും ഞെട്ടിക്കുന്ന ഒരു കാര്യം ജോസഫ് അന്ന് പറഞ്ഞു.


“എന്റെ കുഞ്ഞിനെ ഇത്രയേറെ സന്തോഷത്തിൽ ഇന്നേവരെ ഞാൻ കണ്ടിട്ടില്ല. എന്തായാലും ഞാൻ കുടി നിർത്തി.”

സോഫി തന്റെ അപ്പച്ചനെ പോയി കെട്ടിപിടിച്ചു കരഞ്ഞു.

ഇതിലും വലിയ പിറന്നാൾ സമ്മാനം സോഫിക്ക് ആര് കൊടുക്കാൻ.



# MAHATHMA GHANDHI



Mohandas Karam Chand Ghandi was born on October 2 1869 in porbandhar, Gujarath. His parents Karamchand and Puthalibai  Ghandi had four children three sons and a daughter. Of whom Mohandas was the youngest. His family called Mohania, shortened version. Of his name later, he was given the name Mahathma which means 'great soul'. Mahathma Ghandi became one of the greatest leaders India and world has ever had. His mission was to free India from British rule without using violence. Through his own life and teachings he helped to change the course of history in India and to influence people all over the world.....

MUHAMMED NABEEL K K

## സങ്കൽപ്പം

മുഹമ്മദ് ഷിയാൻ

**മനസ്സിനെ അലട്ടും ചിന്തകൾ**
**കവിതയായി മാറുമ്പോൾ**
**അന്നും ഞാൻ മനസ്സിലാക്കും**
**എന്നുള്ളിലെ കവി**
**കെട്ടു പൊട്ടിച്ചു പുറത്തു ചാടി...........**

# ദുഃഖിത

നയന പി

എന്തിനീ പ്രകൃതിയെ മാനുഷാ-
നീയിതിലതികം വേദനിപ്പി-
ച്ചീടരുതെ നിന്നുടെ
തായയാമന്നെ മറക്കായ്ക
എന്നുടെ ഉദരത്തിൽ
ജന്മമെടുത്തതല്ലേ നീ....
നിന്റെ കുക്ഷിയിലെ അഗ്നി-
ശമിപ്പതിനു എന്തിനു നീയെൻ
ജീവനാഡിയെ കൊന്നൊടുക്കിയത് ?
മതിഭ്രമത്തിഷ നീ ചെയ്ത
പാപങ്ങളന്യോന്യമെന്റെ
ജീവനെ കൊന്നൊടുക്കിയില്ലേ ?
മർത്ത്യാ നിന്നുടെ ആവശ്യങ്ങള-
ന്യോന്യം സാധിച്ചിരുന്നിട്ടും
അവഗണനയല്ലാതെ മറ്റെന്തു
നീയെനിക്കേകി ?
എന്റെ ചേതസ്സിൽ ഞാൻ
പൊഴിച്ച അശ്രുവത്രയും നിന്റെ
ചെയ്തികളോർത്തായിരുന്നു
അമ്മയിൽ നിന്നുണ്ട മാധുര്യ-
മത്രയും നീ നുകർന്ന-
തെന്നെ വധിച്ചിടുവാനായിരുന്നോ ?
വേദനകളിൽ സ്വാന്തനമേകി -
ദുഃഖങ്ങളിൽ അഭയമരുൾകയാൽ
സാഹോദര്യത്തിന്റെ മധുര-
മറികയാൽ അവരെ

ക്രൂശിച്ചിടുന്നതെന്തുകൊണ്ട് ?
പൂഴിയിലലിയാത്ത പ്ലാസ്റ്റിക്കും
ഫാക്ടറി പുകയൂറും വായുവു-
മെനിക്കു നീയേകിയൊരുപഹാരമല്ലേ ?
പ്രളയക്കെടുതിയിൽ കലിതുള്ളിയ –



# SMILE

NAJA FATHIMA . K

He smiled, gentle and with bless
perfect hustle and perfect on
his dignity on his way.
He shouted seldom and was
humble at extreme.
He was sun and I was cloud.
Mob was beg and thanks he was gee k!
Handsome freak, through and builts,
can’t say complacent but ye complete,
We ware jealous, as we are contast housy .
But be frank,
hustly yes lectanid him he was
bulbous, And not a bashful feather head
He was venturous born to wen.
Dream man for a girl.
Helped us, saved us, through he based us.
Words well failed, he was beyond it.
Perfect dude, perfect yoy, a perfect human.
One day I stopped into his room,
heard cries, frantic screams
I see the corpse of my diety,
Through still a blessful face,
Tricky, through to he his prank,
But later proved to be real,
thousand murmurs all around,
why ne did ill?
Stella a cryptic unknown world..........

# അമ്മ

സ്വാതി സുരേഷ്

ഈശ്വര തുല്യയാണമ്മ
സഹനത്തിൽ പ്രതീകമാണമ്മ
പരിഭവം പറയാതെ
ദുഃഖമറിയിക്കാതെ
പുഞ്ചിരപ്പാലൂട്ടി പോറ്റുമമ്മ
മക്കൾക്കിടയിലൊരു അഭയസ്ഥാനം
വീട്ടുകാർക്കുള്ളിലൊരു അഭയസ്ഥാനം
ലോകത്തിനായി വളർത്തുന്ന
മക്കളെ, നല്ല മക്കളെ
നമിക്കുന്ന താഴെ
നിന്റെ മുന്നിൽ.

.....................................................

# കുട്ടികളുടെ കേരളം

നിഹാൽ എ ടി

2018 വർഷത്തിലെ പ്രളയത്തിന്റ ഒർമ്മകൾ ഒരു മലയാളിക്കും മറക്കാനാവാത്തതാണ്.കേരള സർക്കാറിന്റ നവ കേരള മിഷൻ പ്രാവിണ്യത്തിൽ വന്നു കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഇത്തരമൊരു ദുരന്തം. അതിൽ നിന്നും കരകയറിയത് നാം ഒന്നായി ചേർന്നാണ്.അതിൽ 480 ഓളം ആളുകൾ മരണപ്പെട്ടിരുന്നു. 14000 ത്തോളം വിദ്യാർഥികൾക്ക് അവരുടെ ആവശ്യ സാധനങ്ങൾ നഷ്ടപ്പെട്ടിരുന്നു. കുട്ടികൾ അവരുടെ പുസ്തകങ്ങൾ, പേന, പെൻസിൽ തുടങ്ങിയ ആവിശ്യസാധനങ്ങൾ നൽകിയും അവരുടെ ചെറിയ ചെറിയ സംമ്പാദ്യങ്ങൾ നൽകിയും അവരെ ആവുന്ന തരത്തിൽ സഹായിച്ചു. ഇത്തരം പ്രവർത്തനങ്ങൾ ചെയ്യാൻ പറ്റുന്ന കുട്ടികൾക്ക് എന്തും ചെയ്യാൻ പറ്റും.

സ്കൂളുകളിൽ വ്യപകമായിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹിക വിപത്താണ് ലഹരി. ഇതിനെതിരെ സ്കൂളുകളിലും പ്രദേശത്തുമായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാം. സ്കൂളിൽ നിന്ന് ഷോർട്ട് ഫിലീമുകൾ നിർമിക്കാം.ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമാണ്. റോഡപകടങ്ങൾ കുറയ്ക്കാനായി പോസ്റ്ററുകളും ചിത്രങ്ങളും ലേഖനങ്ങളും നോട്ടിസ് ബോഡുകളും നിർമ്മിക്കാം. സമൂഹത്തിൽ വളെരയധികം താഴെതട്ടിൽ ഉള്ള വിഭാഗത്തിലെ വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിനായി വളരെയധികം പ്രയാസപ്പെടുകയാണ് പലരും. ഇത്തരം വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ നമുക്ക് സാധിക്കും. അവർ നാളത്തെ ഭാവി വാഗ്ദാനങ്ങളാണ്. വിദ്യാർത്ഥികൾ ഒരു ഗ്ലാസ് പോലെയാണ് വിഷമൊഴിച്ചും പാലൊഴിച്ചും കുടിക്കാം ഏത് വേണമെന്ന് കുട്ടികളാണ് തീരുമാനിക്കേണ്ടത്. കുട്ടികൾ മനസ്സ് വെച്ചാലും നമ്മുടെ കേരളത്തിൽ ചില മാറ്റങ്ങൾ വരുത്താൻ സാധിക്കും സമൂഹത്തിൽ ഇത്തരം മാറ്റങ്ങൾ വരുത്താൻ കഴിവുള്ള കുട്ടികളാണ് ഭാവിയിൽ മികച്ച സാമൂഹ്യപ്രവർത്തകരായി മാറുന്നത്.


# അമ്മ

അനന്തു എം. ഡി

ഒരിക്കലും അണയാത്ത വിളക്കാണമ്മ
അമ്മയെന്ന വാക്കിനെക്കാൾ മഹത്വമില്ല -
മറ്റൊന്നും.....
അമ്മയുടെ സ്നേഹത്താൽ മേഘം മഴയായി
മാറുന്നു ....
പുഞ്ചിരിയാൽ മുല്ലപ്പൂമൊട്ടുകൾ വിടരുന്നു.
വാൽസല്യമാം നീർകുമിളകളിൽ ജലകണികയാൽ
മാറുന്നു ഞാൻ ....
അമ്മ എന്നെ നെഞ്ചോട് ചേർക്കുമ്പോൾ
ആ സ്നേഹ ച്ചൂടിൽ ഞാൻ ബാഷ്പമായി മാറുന്നു.....
ഞാൻ വീഴുമ്പോൾ താങ്ങി നിർത്താനും.....
ഞാൻ തെറ്റിലേക്ക് വീഴുമ്പോൾ
അരുതെന്നു പറയാനും ഉണ്ടാകുമെന്നമ്മ
അമ്മയെന്ന സ്നേഹകവചം എന്നെ....പൊതിയുന്ന-
കാലം വരെയും ഞാൻ സുരക്ഷിതയാണ്
ആ കൈകളിൽ. ആ മെഴുകുതിരി നാളത്തെ
കെടുത്തരുതെ....
തെളിയില്ലിതു പോലെ മറ്റൊന്നും......

# WILLIAM SHAKESPEARE

Abdul Basith



William Shakespeare was an English poet, playwright and actor. He was born on 26 April 1564 in Stratford-upon-Avon. His father was a successful local businessman and his mother was the daughter of a land owner. Shakespeare is widely regarded as the greatest writer in the English language and the world's pre-eminent dramatist. He is often called England's national poet and nick named the Bard of Avon. He wrote about 38 plays, 154 sonnets, two long narrative poems, and a few other verses, of which the authorship of some is uncertain. His plays have been translated into every living language and are performed more often than those of any other playwright.

He is thought to have spent most of his time in London writing and performing in his plays. He began a successful carrier in London as an actor, writer and part owner of a playing company called the Lord Chamberlain's Men, later known as the king's men.

Shakespeare produced most of his known works between1589 and 1613. His early plays were mainly comedies and histories and this works regarded as some of the best work produced in this genres. He then wrote mainly tragedies until about 1608, including Hamlet, Othello, King Liar and Macbeth, considered some of the finest works in the English language.

Shakespeare died on 23 April 1616, at the age of 52. Shakespeare's plays remain highly popular today and are constantly studied, performed through out the world.

# WHEN I AM ALONE

Dilna sainu

When I am alone.
When I am alone.
My dreams as me
of the day i mean them
it asked me how
I loved her .
For all I have only one cause
that is that he was made for me
my heart was dancing like daffodils
In the handles of her   I thought beyond beyond
how to love her more and more.
I do believe that no dreams
no ducks can throw us
I was proud in joy of my clear
but all was in snow glass.
He flew for and for from body.
With tears i star at.
The path he packed by
I tiered to the sky to the sea.
Cried and cried  and now when I am alone
I ask those days those to come back.
I ask those fine dreams to church   me again and again..........

# SAVE NATURE



# IT QUIZ

RISHAL M.C

1. I M E L ന്റെ പൂർണ്ണ രൂപം?

   A: INTERNATIONAL MOBILE EQUIPMENT IDENTILY
2. പ്രസിദ്ധമായ ഏതു ഉൽപ്പന്നത്തിന്റെ രഹസ്യ കോഡാണ് "BLACK COMB”

   A: WINDOWS 7
3. ഇന്റനെറ്റിന്റെ പിതാവ് ?

   A: വിന്റൺ സർഫ്
4. LOGO യുടെ പൂർണ്ണ രൂപം?

   A: language for graphics oriented
5. മൈക്രോസോഫ്റ്റ് സ്ഥാപിത വർഷം?

   A:1975
6. ലോക കമ്പ്യൂട്ടർ ശാസ്ത്ര ദിനം?

   A: DECEMBER 2
7. കമ്പ്യൂട്ടറിന്റെ പ്രാഥമിക ഇൻപ്പുട്ട് ഉപകരണം?

   A:കീബോർഡ്
8. കമ്പ്യൂട്ടറിലേക്ക് നൽകുന്ന വിവരങ്ങളും നിർദേശങ്ങൾ കിട്ടുന്നത് എവിടെ?

   A: ഡാറ്റ
9. WWW യുടെ പൂർണ്ണ രൂപം എന്ത്?

   A: WORLD WIDE WEB
10. WORLD WIDE WEB ന്റെ സ്ഥാപകനാര്?

    A: ROBERT CAILLIAU

# അത്യാഗ്രഹി ആയ വ്യാപാരി

സിറാജുദീൻ.പി

ഒരു കൊച്ചു ഗ്രാമത്തിൽ വലിയ ധനികനും അത്യാഗ്രഹിയും ആയ ലോലപ്പൻ എന്നു പറഞ്ഞ ഒരു വ്യാപാരി ഉണ്ടായിരുന്നു. അദ്ദേഹം കപ്പൽ മാർഗമാണ് വ്യപാരത്തിനു പോകാറ്.ലോലപ്പന് സ്വന്തമായി ഒരു വലിയ കപ്പൽ ഉണ്ടായിരുന്നു. കപ്പലിൽ ഒരു ചെറിയ കൈതോണി ഉണ്ടായിരുന്നു. ഒരിക്കൽ ലോലപ്പനും സംഘവും ഒരു നീണ്ട വ്യാപാരത്തിനിറങ്ങി. ഒരാഴ്ചയോളം അവർ കപ്പലിൽ കടലിൽ സഞ്ചരിച്ചു. അങ്ങനെ സഞ്ചരിച്ചു കൊണ്ടിരിക്കുമ്പോൾ അവർ ഒരു കര കണ്ടു. അപ്പോൾ അവർ കപ്പൽ അങ്ങോട്ട് തിരിച്ചു. കരയിൽ എത്തിയപ്പോൾ അയാൾക്ക് മനസിലായത് അതൊരു ദ്വീപാണെന്നും അവിടെ ആൾ താമസം ഇല്ല എന്ന് മനസിലായത്. എല്ലാവരും അവിടെ നിന്ന് ഭക്ഷണം പാകം ചെയ്തു കഴിച്ചു. എല്ലാവരും വിശ്രമിക്കുമ്പോൾ അത്യാഗ്രഹിയായ ലോലപ്പൻ അവിടെ ചുറ്റിനടന്നു. ഒരു കാഴ്ച കണ്ടു ഞെട്ടിപൊയി!

അവിടെ ഒരു സ്ഥലത്ത് മല പൊലെ സ്വർണവും രത്നവും കൂട്ടിയിട്ടിരിക്കുന്നു. അതു കണ്ടപ്പോൾ ലോലപ്പൻ ചിന്തിച്ചു. ആൾ താമസം ഇല്ലാത്ത ഈ ദ്വിപിൽ ഇത്രയും സ്വർണവും രത്നവും എവിടെ നിന്ന് വരാനാണ് എന്തായാലും ആരുടേയും കൈവശമില്ലാത്ത ഈ സ്വത്ത് എന്റെതാണ്. ഇത് എനിക്ക് കൊണ്ടു പൊകണം എന്ന് അദ്ദേഹം മനസിൽ കരുതി. കപ്പലിൽ കൊണ്ടു പോവുകയാണെങ്കിൽ മറ്റുളവർ കാണും . അതിനാൽ അവരെ കാണിക്കാതെ എങ്ങനെയെങ്കിലും കൊണ്ടു പൊകണമെന്ന് ലോലപ്പൻ തീരുമാനിച്ചു .അപ്പോൾ ലോലപ്പൻ കൂടെയുള്ളവരോട് പറഞ്ഞു. എനിക്ക്തീരെ സുഖം ഇല്ല, ഞാൻ നമ്മുടെ തോണിയിൽ നാട്ടിലേക്ക് പോയ്ക്കോളാം നിങ്ങൾ പോയ്ക്കോള്ളുക . സ്വർണവും രത്നവും കണ്ട ആവേശത്തിൽ പറഞ്ഞതായിരുന്നു അത്. കൂട്ടുകാർ പോയതിനുശേഷം തോണി നിറയെ സ്വർണവും രത്നവും നിറച്ചു. താങ്ങാവുന്നതിൽ അധികം ഭാരവും നിറച്ചു ലോലപ്പൻ ദിക്കറിയാതെ തോണിയിൽ യാത്രചെയ്തു. കഴിക്കാനുള ഭക്ഷണം പോലും അവൻ കപ്പലിൽ നിന്നുംഎടുത്തില്ലായിരുന്നു. ഒരു ദിവസം മുഴുവൻ അവൻ ദിക്ക് അറിയാതെ കടലിലൂടെ അലഞ്ഞു ക്ഷീണിച്ചു. ഒടുവിൽ ലോലപ്പൻ വിചാരിച്ചു കപ്പലിൽ നിന്നും വരേണ്ടിയില്ലായിരുന്നു എന്ന് . അന്ന് രാത്രി ശക്തമായി കാറ്റു വീശിയപ്പോൾ തോണി മറഞ്ഞു. അതോടോപ്പം ലോലപ്പനും അവന്റെ അത്യാഗ്രഹവും ഇല്ലാതെയായി.

# വേനൽ

റസൽ ഷാൻ

മാനത്ത് നോക്കി
തപസ്സിരിക്കുന്ന
വേഴാമ്പലിനെ പോലെ
ഞാനും മേലോട്ട്
നോക്കിയിരിക്കുന്നു.
ആകാശത്തിന് പഴുത്ത
ലോഹത്തകിടിന്റെ നിറം.
പൊടി മൂടിക്കെട്ടിയ
വായുമണ്ഡലം.കാറ്റ്പോലും
എങ്ങോ
പേടിച്ചൊതുങ്ങിയിരിക്കുന്നു.
ഒരു കിളിയൊച്ചപോലും
കേൾക്കാനില്ല. ചൂട്,ചൂട്,ചൂട്.
പിളർന്ന കൊക്കുകളുമായി
കാക്കകൾ മുറ്റത്തെ
ഇത്തിരിത്തണലിൽ
വന്നിരുന്ന് പരാതി പറയുന്നു.
അനാഥയായ
ഭ്രാന്തിയെപ്പോലെ ഭൂമി വരണ്ട
മാറുമായി വെയിലത്ത്
മലർന്ന് കിടന്ന് മയങ്ങുന്നു.
ഇത് പൊള്ളുന്ന വേനൽ.
വടക്കേ ഇന്ത്യയിൽ നിന്ന്
ഇങ്ങോട്ട് കുടിയേറുന്ന
കടുന്ന വേനൽ.
അലുമിനിയം പാത്രങ്ങളും
ബക്കറ്റുകളുമായി കുടിവെള്ള

ലോറിയുടെ വരവ്
കാത്തുനിൽക്കുന്ന ഈ
മുഷിഞ്ഞ സമയത്ത് നമുക്ക്
ഒരു സ്വപ്നം കാണാൻ
ശ്രമിക്കാം. തൊടിയിലാകെ
മരങ്ങൾ നിഞ്ഞുനിൽക്കുന്ന
കുളിർക്കാറ്റു വീശുന്ന
കുളിർമയുള്ള ഒരുവേനൽ.



# എന്റെ മിഡാപ്പ്

**-ദിൽന സെയ്ന. എം.പി**

ജീവിതത്തിൽ ഞാൻ ഒരിക്കലും കഴിയല്ലേ എന്ന് വിചാരിച്ച നിമിഷങ്ങൾ എല്ലാവരുടെയും സന്തോഷങ്ങളിലും ദുഃഖങ്ങളിലും ഒരു ക്ഷണകത്തിന്റെ പിൻബലം ഇല്ലാതെ ഓടി നടന്നവരാണ് ഞങ്ങൾ പത്തുപേരും. മഴവിൽ പോലെ മനസ്സിൽ കൊണ്ട് നടക്കുന്ന നാലക്ഷരം കൂട്ടുകാർ .സങ്കടങ്ങളെ സന്തോഷമാക്കിയും സന്തോഷത്തെ അതിമധുരമാക്കുന്നവരാണ് ഞങ്ങളുടെ മിഡാപ്പ്. സൗഹൃദമെന്നത് വെറും മൂന്നക്ഷരം മാത്രമല്ല എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.ഞങ്ങളുടെ സൗഹൃദം ദിവസം കൂടും തോറും ദൃഢമായിക്കൊണ്ടിരിക്കുകയാണ്. നമ്മളെ കൂടുതൽ മനസ്സിലാക്കിനമ്മളിലെ നന്മകളെ ചൂണ്ടിക്കാണിക്കുകയും നമ്മളെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. ഏത് പ്രതിസന്ധിയിലും ഒരുമിച്ച് കട്ടയ്ക്ക് കൂടെ നിന്ന് നേരിടുകയും ചെയ്യുന്നതാണ് എന്റെ കൂടെയുള്ള ഒൻപത് ആൾക്കാരും. അടികൂടിയും ,ഇണങ്ങിയും പിണങ്ങിയും , കൂട്ടത്തിൽ ആർക്കെങ്കിലും എന്തെങ്കിലും സംഭവിച്ചാൽ തോളോടു ചേർത്ത് നിന്റെ കൂടെ ഞങ്ങളുമുണ്ട് എന്ന് പറയുന്നതാണ് ഞങ്ങളുടെ മിഡാപ്പ്. പരസ്പരം പഠിച്ചും അതിനേക്കാൾ ഏറെ കളിച്ചും ചിലപ്പോഴൊക്കെ തെറ്റിപ്പിരിഞ്ഞ് രണ്ട് വഴിക്കായി ദേഷ്യം പിടിച്ച് അവരെ അടിച്ച് പിന്നെയും ഒരു ഉളുപ്പുമില്ലാതെ സോറിയും നാല് സെന്റിയും അടിച്ച് പിന്നെയും കൂട്ടത്തിലേക്ക് വലിഞ്ഞു കയറുന്നവരാണ് ഞങ്ങൾ.

പഠനത്തെക്കാളേറെ കളിക്കുമ്പോൾ പലപ്പോഴും ടീച്ചേഴ്സ് ഞങ്ങളെ ശകാരിക്കും.പിന്നെയും ഞങ്ങൾ അതു തന്നെ ചെയ്തുകൊണ്ടിരിക്കും. മുസ്തഫസാർ മലയാളം ക്ലാസിൽ നോട്ടുബുക്ക് കംപ്ലീറ്റാക്കിയോ എന്ന് ചോദിക്കുമ്പോൾ ഇല്ല എന്ന് പറഞ്ഞ് ഞങ്ങൾ ഒൻപത് പേരും ഒരുമിച്ച് എഴുന്നേറ്റ് നിൽക്കും. സാർ ഇമ്പോസിഷൻ തന്നിട്ട് ഉളുപ്പില്ലാതെ പിന്നെയും എഴുതാതെ വരും. എല്ലാവർക്കും കൂടി ഒരു പെൻസിലും ഒരു സ്കെയിലും ഒരു ബോക്സും അതിന് അടിയുണ്ടാക്കുന്നതും ഒരു കൗതുകമായിരുന്നു.ഭക്ഷണം കഴിക്കാൻ കൈ കഴുകിവരുമ്പോൾ വെള്ളം കൊണ്ട് അടിയുണ്ടാക്കിയും ഭക്ഷണത്തിൽ കയ്യിട്ടു വാരിയതുമാണ് ശീലം.ഞങ്ങളുടെ അധ്യാപകർക്ക് ഞങ്ങളോടുള്ള സ്നേഹവും കരുതലും,ഡാൻസും , പാട്ടും, മിഠായികളും

എല്ലാം മറക്കാൻ കഴിയാത്തതാണ്. കളിയും,ചിരിയും, ഒറ്റപ്പെടലിന്റെ വേദനയും ഈ രണ്ടു വർഷം ഞങ്ങളെ പഠിപ്പിച്ചു.ഞങ്ങൾ പത്ത് പേരിൽ ഒരാൾ കരഞ്ഞാൽ പോലും ഞങ്ങൾക്ക് സഹിക്കില്ല.സൗഹൃദം ചിലപ്പോഴൊക്കെ നക്ഷത്രങ്ങളെ പ്പോലെയാണ്. ഈ സൗഹൃദം എന്നും നിലനിൽക്കണേ എന്ന പ്രാർഥനയേ ഞങ്ങൾക്കുള്ളൂ.ജി.എച്ച്. എസ്. എസ്. പന്നൂർ ഞങ്ങളുടെ കുഞ്ഞു സ്വർഗമാണ്.എന്റെ സൗഹൃദം അമൂല്യമാണ്. ഞങ്ങളുടെ സൗഹൃദത്തിനു മുന്നിൽ മൂല്യമുള്ള രത്നങ്ങൾ പോലും തല കുനിച്ചു നിൽക്കും.

**Love you ‘MIDAPS’**

## IT QUIZ

വൈഷ്ണവ് എം.കെ

1. നാലിനം ഡിജിറ്റൽ കമ്പ്യൂട്ടറുകളേതെലല്ലാം?

A:മൈക്രോ കമ്പ്യൂട്ടർ, മിനി കമ്പ്യൂട്ടർ, മെയിൻഫ്രെയിം കമ്പ്യൂട്ടർ, സൂപ്പർ കമ്പ്യൂട്ടർ

2. പി.സി/എക്സ്.റ്റി സൂചിപ്പിക്കുന്നതെന്ത്?

A:പേഴ്സണൽ കമ്പ്യൂട്ടേഴ് എക്സ്റ്റെൻഡെഡ് ടെക്നോളജി

3. മൈക്രോ കമ്പ്യൂട്ടറുകളുടെ സംഭരണശേഷി എത്ര?

A:640 കെ.ബി മുതൽ 16 എം.ബി വരെ

4.കമ്പ്യൂട്ടറുകളിൽ ശബ്ദരെഖകൾ ചെറുത്തുന്നതെങ്ങനെ?

A:വി.ഡി.ഇ(വോയ്സ് ഡേറ്റ എൻട്രി)സംവിധാനം മുഖേന

5.മിനി കമ്പ്യൂട്ടറുകളുടെ സംഭരണശേഷി?

A:8 എം.ബി  മുതൽ 96 എം.ബി വരെ

6.കമ്പ്യൂട്ടർ സംഭരണത്തിന്റെ മൂന്ന് ഭാഗങ്ങളേതെല്ലാമാണ്?

A:റാന്റം അക്സസ് മെമ്മറി, റീഡ് ഒൺലി മെമ്മറി, കാഷെ

7.സെമികണ്ടക്ടർ റാന്റം അക്സസ് മെമ്മറി രണ്ടിനങ്ങളേതെല്ലാം?

A: ഡൈനാമിക് റാം, സ്റ്റാറ്റിക് റാം

8.വൈദ്യുതി തകരാറുമൂലം സംഭരിക്കപ്പെട്ട വിവരങ്ങൾ നശിക്കുന്നത് ഏതിനം മെമ്മറിയിലാണ് ?

A:ഡൈനാമിക് റാം, സ്റ്റാറ്റിക് റാം


9.ഒരു ഡാറ്റഫയലിലെ ഉള്ളടക്കം മാറ്റിക്കളയാൻ ഉപയോഗിക്കുന്ന ഡാറ്റബേസ് മാനേജ്മെന്റ സിസ്റ്റം?

A:സെഡ്.എ.പി

10. 4 ജി.എൽ എന്നാലെന്ത്?

A:ഫോർത്ത് ജനറേഷൻ

# JAWAHAR LAL NEHRU



Jawaharlal Nehru was born in Allhabhad on November 14 th 1889. He recieved his early education at home under private tution. At the age of fifteen he went to England and after two years at Harrow joined Cambridge University where he took his tripos in natural science. Jawaharlal Nehru was the first prime minister of India. His fathers name is Mothilal Nehru and mothers name is Swaroop rani. His autobiography was ‘ Discovery of India’. He was died in may 27 1964, in new Delhi.

AJANYA. K.P

## ഒരു ഷാജിയുടെ കഥ

-വിനായക് വി.കെ

സത്യസന്ധനം സൽസ്വഭാവിയും ആയിരുന്ന ഷാജി.

അവൻ ധാരാളംഅധ്വനിച്ച പണമുണ്ടാക്കും.

ആ പണം അവൻ കൂട്ടിവെച്ച് ശേഖരിക്കും

വലിയൊരു കാറു വാങ്ങണം

അതാണ് അവന്റെ ലക്ഷ്യം.

അതിനു വേണ്ടി അവൻ ധരാളം ചിട്ടിയിൽ ചേർന്നെങ്കിലും ഒന്നും ലക്ഷ്യം കണ്ടില്ല. അവന്റെ ആകെ സമ്പാദ്യം തലമുറകളായി കൈമാറിവന്ന സ്വത്തുക്കളാണ്

അവൻ അതിലെ ഒരു തരി പോലും ഉപയോഗിച്ചിട്ടില്ല.

അവൻ പണ്ടൊരിക്കൽ ഒരു കൊലപാതകം വരെ നടത്തിയിരുന്നു.

വലിയ ഒരു പണക്കാരനെ പക്ഷേ,

അവന്റെ കൈയിൽ ഒന്നും ഇല്ലായിരുന്നു ബിസിനസ് പൊളിഞ്ഞിരുന്നു. ധാരാളം കടങ്ങൾ ഉണ്ടായിരുന്നു.

അതുകാരണം അയാളുടെ കൈയിൽ ഒന്നും ഉണ്ടായിരുന്നില്ല.

ആ കുറ്റബോധം

കാരണം അയാൾ മരിച്ചു.

# കുരങ്ങൻ മകൻ

-സ്വലാഹ് എ.പി

ഒരിടത്ത് ഒരു അച്ഛനും മകൻ ജീവിച്ചിരുന്നു. അച്ഛന്‍ വളരെ ദാരിദ്രനാണെങ്കിലും സ്വന്തം മകനെ നല്ല നിലയിൽ പഠിപ്പിച്ച് ഉന്നതമായ ജോലി നേടിക്കൊടുത്തു.ആദ്യം മകൻ അച്ഛനെ സ്ഥിരമായി വിളിക്കാറുണ്ടായിരുന്നു. പിന്നീട് മകനെ അച്ഛൻ വിവാഹം കഴിപ്പിച്ചു. പിന്നിട് ഫോൺ വിളികൾ കുറഞ്ഞു. കാല ക്രമേണ അച്ഛനെ വിളിക്കാതെയായി.അച്ഛൻ അങ്ങോട്ടു വിളിക്കുമ്പോൾ തിരക്കാണന്ന് പറഞ്ഞ് അച്ഛനെ ഒഴിവാക്കി നിർത്തി. അച്ഛന്‍ അറുപത് വയസ്സ് കഴിഞ്ഞതു മുതൽ കണ്ണട നിർബന്ധമായി.കണ്ണടയില്ലാതെ അച്ഛൻ ഒന്നു കണാനും ചെയ്യാനും പറ്റാതായി വയസ്സായതോടെ അച്ഛന്റെ ശരീരം ശോഷിച്ചു. ഒരിക്കൽ അച്ഛൻ ദാഹിച്ചു വല ഞ്ഞു. വെള്ളം കുടിക്കാൻ പോകവെ അച്ഛന്റെ വീട്ടിൽ കുരങ്ങുകൾ കയറി അച്ഛനെ അവ ബുദ്ധിമുട്ടിക്കാൻ തുടങ്ങി. കുരങ്ങനെ ഓടിക്കാൻ "നീ ഒന്നു വാ "എന്ന് അച്ഛൻ പറഞ്ഞപ്പോൾ മകൻ പറഞ്ഞു, ഇവിടെ നിന്ന് വിട്ടു നിന്നാൽ ലക്ഷങ്ങൾ നഷ്ടം വരുമെന്ന് പറഞ്ഞ് ഫോൺ കട്ട് ചെയ്തു.അച്ഛന് ദാഹിച്ചപ്പോൾ വീണ്ടും വെള്ളം കുടിക്കാൻ പോയി. പോകുമ്പോൾ അച്ഛൻ മേശയിൽ കാൽ തട്ടി വീണു.അച്ഛന്റെ കണ്ണട തെറിച്ചു പോയി. അച്ഛൻ കണ്ണടക്കായി തിരഞ്ഞു. പക്ഷേ കണ്ണട ലഭിച്ചില്ല. അച്ഛൻ തളർന്നിരുന്നു. അപ്പോൾ കുരങ്ങൻ വന്ന് അച്ഛനെ നല്ലപോലെ ഇരുത്തി. അച്ഛന് കണ്ണട ഇട്ടുനൽകി. പിന്നീട് കുറച്ച് വെള്ളം ഗ്ലാസ്സിൽ കൊടുത്തു. അച്ഛൻ അത് കുടിച്ചു. അച്ഛൻ അപ്പോൾ ആ കുരങ്ങനെ കെട്ടിപ്പിടിച്ച് നന്ദി പറഞ്ഞു. ഈ സമയം അടുത്ത വീട്ടിലെ അഹമ്മദ് വന്നു. അപ്പോൾ ഈ അച്ഛൻ കുരങ്ങനെ കെട്ടിപ്പിടിക്കുന്നത് കണ്ട് "എന്താ ഭ്രാന്തായോ"എന്ന് ചോദിച്ചു.അപ്പോൾ അച്ഛൻ പറഞ്ഞു .ഇതു വരെ ആയിരുന്നു. അത് എന്റ മകൻ എന്നെ വിട്ടു പോയി

എന്നിട്ടും ഞാൻ അവനെ സ്നേഹിച്ചു. എന്നിട്ടും എന്നെ കൊഴഞ്ഞു വീണ സമയത്ത് എന്നെ രക്ഷിക്കാൻ ഈ കുരങ്ങെ ഉണ്ടായുള്ളൂ. അച്ഛൻ അഹമ്മദിനെ നോക്കി കുരങ്ങനെ തലോടി പറഞ്ഞു.നീ ആണ് എന്റെ മകൻ

## മഴ

അനന്തു എം ഡി

ആകാശമേ....മേഘങ്ങളെ....നിങ്ങൾക്ക് വേദനിക്കുന്നുവോ

ആ വേദന നീ കണ്ണ നീരായി വർഷിക്കുന്നുവോ

ആ കണ്ണ നീർ മഴയായി ഭൂമിയിൽ പതിക്കുമ്പോൾ.....

ആർത്തിരമ്പുന്ന ശബ്ദകോശങ്ങളായി മാറി ......

നീ പ്രകൃതിയെ വാരി പുണർന്നുവോ ...

നിൻ മഴത്തുള്ളി ഓരോന്നും കൺകുളിർപ്പിക്കും

ധാരയായി മാറുന്നുവോ ..നിൻ നീർത്തുള്ളി ശീതമാം ഓർമയായ് മാറി ഒരായിരം

പ്രതീക്ഷയായ് നീ പെയ്തിറങ്ങി

വെറും സ്വപ്നമായി ഒഴുകി അകലുമ്പോൾ എൻമനസ്സിൽ-

നൊമ്പരം മാത്രമായി മാറുന്നുവോ ....

നിൻ നീർധാരയില്ലാതെ ഞാൻ കണ്ണനീർ പൊഴിക്കുമ്പോൾ

എൻ കണ്ണ നീർ തുടച്ചിടാൻ നീ മഴയായി പെയ്തിറങ്ങി

നിൻ നീർധാര അധികമാം ആയുസ്സെടുക്കുമ്പോൾ

എൻ പ്രാണസങ്കടം കാണുന്നുവോ നീ.......

നിന്നോട് പെയ്യാനും പെയ്യാതിരിക്കാനും പറയാൻ

പറ്റാതെ എന്നെ നീ..... സങ്കടനീർച്ചുഴിയിലേക്ക്

തള്ളിയിടുന്നുവോ..ഓ... കാലമേ.... എന്തിനു തരുന്നു.

നീ..... ഈ പ്രാണ സങ്കടം



# പഴഞ്ചൊല്ലുകൾ


അഭിനവ്

വിത്താഴം ചെന്നാൽ പത്താഴം നിറയും
തന്നത്താനറിഞ്ഞില്ലെങ്കിൽ പിന്നത്താനറിയും
വിത്തുഗുണം പത്തുഗുണം
ഒന്നുചീഞ്ഞാൽ ഒന്നിനുവളം
മെല്ലെത്തിന്നാൽ മുള്ളും തിന്നാം
ഉണ്ടചോറിൽ മണ്ണിടുക
കടന്നൽക്കൂട്ടിൽ കല്ലിട്ടപോലെ
അണ്ണാനാശിച്ചാൽ ആനയാകുമോ
വിത്തുകുത്തി ഉണ്ണരുത്
പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല
ഏറിപ്പോയാൽ കോരിപ്പോകും
അണ്ണാറക്കണ്ണനും തന്നാലായത്
മിന്നുന്നതെല്ലാം പൊന്നല്ല
വടികൊടുത്ത് അടിവാങ്ങുക
ഇരുന്നിട്ടേ കാൽ നീട്ടാവൂ
പിടിച്ചതുമില്ല കടിച്ചതുമില്ല
ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
പലതുള്ളിപെരുവെള്ളം

# മരണമാം പ്രകൃതി

അഭയ് ചന്ദൻ.സി.പി

ആയിരം സസ്യങ്ങൾ പേറി നടന്നൊരു -
ദിവ്യമാം പ്രകൃതിയാണന്ന് ഞാൻ.
പ്രകൃതിതൻ സൗന്ദര്യലഹരി ഞാൻ.
പ്രകൃതിതൻ ആനന്ദമാണ് ഞാൻ.
മാനുഷന്മാരുടെ ക്രൂരതയ്ക്കിരയായി
അന്നും ഇന്നും സങ്കടം പേറി ഞാൻ.
എൻ ജീവനായ സസ്യങ്ങളും മറ്റും
മാനുഷന്മാരുടെ ക്രൂരതയ്ക്കിരയായ്.
ഇന്ന് ഞാൻ മരണത്തെ അതിജീവിച്ചു.
"നാളെ " പ്രകൃതിതൻ മൃത്യു.
പ്രകൃതി മരണം വരിക്കുമ്പോൾ-
കൊണ്ടുപോവും മാനുഷന്മരുടെ ജീവൻ.
മാനുഷന്മരുടെ ജീവൻ പ്രകൃതിതൻ കൈകളിൽ-
പ്രകൃതിതൻ കോപം .
ഭൂമിതൻ ജീവൻ കൊണ്ടുപോകും.
ആയിരം സസ്യങ്ങൾ പേറി നടന്നൊരു
ദിവ്യമാം പ്രകൃതിയാണന്ന് ഞാൻ.



# വനിതാ രത്നങ്ങൾ

ദൃശ്യ ദിനേശ്

*ഇന്ത്യയിലെ ഏതെങ്കിലും ഒരു ഹൈക്കോടതിയിൽ വാദിക്കുന്ന ആദ്യ വനിത?

-വയലറ്റ് ആൽവ.

*ഇന്ത്യയിലെ ആദിയ വനിത അഡ്വക്കറ്റ്?

-കോർണേലിയ സൊറാബ്ജി

*ഇന്ത്യയിലെ ആദ്യ വനിതാ മജിസ്ട്രേറ്റ് ആര്?

-ഓമന കുഞ്ഞമ്മ

*ഇന്ത്യയിലെ ഹൈക്കോടതിയിൽ ജഡ്ജിയാവുന്ന ആദ്യ വനിത?

-അന്ന ചാണ്ടി

*കേരള ഹൈക്കോടതിയിൽ ആദ്യ വനിത ചീഫ് ജസ്റ്റിസ്?

-ജസ്റ്റിസ് സുജാതാ മനോഹർ

*കേരള ഹൈക്കോടതിയിലെ ആദ്യ മലയാളി വനിത ചീഫ് ജസ്റ്റിസ്?

-ജസ്റ്റിസ് കെ. കെ. ഉഷ

*ഏതെങ്കിലും ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായ ആദ്യ വനിത?

-ജസ്റ്റിസ്.ലീലാ സേത്ത്

*സുപ്രീം കോടതിയിലെ ജഡ്ജിയായിരുന്ന ആദ്യ വനിത?

-ജസ്റ്റിസ്.ഫാത്തിമാബീവി

*ഇന്ത്യയിലെ ഗവർണറായ ആദ്യ വനിത?

-സരോജിനി നായിഡു

*സംസ്ഥാന ഗവർണറായ ആദ്യ മലയാളി വനിത ?

-ഫാത്തിമാബീവി

* കേരളത്തിലെ ആദ്യ വനിത ഗവർണർ?

-ജ്യോതി വെങ്കിടാചലം

*കേരളത്തിലെ രണ്ടാമത്തെ വനിതാ ഗവർണർ?

-രാംദുലാരി സിൻഹ

*ഇന്ത്യയിലെ ആദ്യ വനിതാ പ്രധാനമന്ത്രി?

-ഇന്ദിരാ ഗാന്ധി

*ഇന്ത്യയിലെ ആദ്യ വനിതാ മന്ത്രി?

-വിജയ് ലക്ഷമി പണ്ഡിറ്റ്

*ഇന്ത്യയിലെ ആദ്യ വനിതാ കേന്ദ്ര മന്ത്രി?

-രാജ് കുമാരി അമൃത് കോർ

*കേരളത്തിലെ ആദ്യ വനിതാ മന്ത്രി?

-കെ. ആർ. ഗൗരിയമ്മ

*യു.എൻ.പൊതുസഭയുടെ അദ്ധ്യക്ഷയാകുന്ന ആദ്യ വനിത?

- വിജയ് ലക്ഷമി പണ്ഡിറ്റ്(ഉത്തർപ്രദേശ്)

*ഇന്ത്യയിലെ ഒരു സംസ്ഥാനത്തെ മുഖ്യ മന്ത്രിയാകുന്ന ആദ്യ വനിത?

-ഷീനാദേവി(ഹരിയാന)

*ഇന്ത്യയിലെ ആദ്യ വനിത സ്പീക്കർ?

-മീരാ കുമാർ

*രാജ്യസഭാ ഉപാദ്ധ്യക്ഷയാകുന്ന ആദ്യ വനിത?

- വയലറ്റ് ആൽവ

* ഇന്ത്യയിലെ ആദ്യ വനിത ഡെപ്യൂട്ടി സ്പീക്കർ?

-സുശീലാ നയ്യാർ

* കേരളത്തിലെ ആദ്യ വനിത നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ?

-കെ.ഒ.അയിഷാഭായി

*കൂടുതൽ തവണ രാജ്യസഭാ ഉപാദ്ധ്യക്ഷനാകുന്ന വനിത?

-നജ്പ ഹെപ്തുള്ള

*ഡൽഹി ഭരിച്ച ഒരേയൊരു വനിതാ ഭരണാദികാരി?

-സുൽത്താനാ റസിയ

*ഇന്ത്യൻ നാഷനൽ ആർമിയിലെ ആദ്യ വനിത?

-ക്യാപ്റ്റൻ ലക്ഷ്മി സൈഗാൾ

*ഐക്യരാഷ്ടസഭയുടെ പോലീസ് ഉപദേഷ്ടാവായി തിരഞ്ഞെ

-ടുക്കപ്പെട്ട ഇന്ത്യൻ വനിത?

-കിരൺ ബേദി

*ചെസ്സിൽ ഗ്രാന്റ്മാസ്റ്ററായി പദവി നേടിയ ആദ്യ വനിത?-


കൊനേരു ഹംപി

*സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടിയ ആദ്യ

വനിത?

-ബെർത്തവോൻ സട്ട്നർ(ഓസ്ട്രിയ)


# Charles Babbage



Charles Babbage (26 December 1791 – 18 October 1871) was an English mathematician, philosopher, inventor and mechanical engineer who developed the concept of a programmable computer. Babbage was born in London, England in 1791. As a child, he had a variety of tutors and schools and developed a love of mathematics. He died 1871 October 18.

Abay chandran

save water.......



# അംഗങ്ങൾ



# നന്ദി

ദിശ മാഗസിൻ

തയ്യാറാക്കുന്നതിന്

വേണ്ടി

പ്രവർത്തിക്കുകയും സഹകരിക്കുകയും

ചെയ്ത എല്ലാ

വിദ്യാർത്ഥികൾക്കും

അധ്യാപകർക്കും

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും

പ്രത്യേകം നന്ദി

മീര വി കെ

(കൈറ്റ് ലീഡർ )

&

മുസ്തഫ സി കെ

(കൈറ്റ് മാസ്റ്റർ)

